## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8190.          25.07. 2012-ൽ മറുപടിയ്ക്ക്**

### പകർച്ചപ്പനിയെ നേരിടാൻ റാങ്ക് ലിസ്റ്റിൽ നിന്ന് വിദഗ്ധരെ നിയമിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. പാലോട് രവി<br>ശ്രീ. റ്റി.എൻ.പ്രതാപൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | പകർച്ചപ്പനിയെ നേരിടാനായി ഡോക്ടർമാരേയും നേഴ്സുമാരേയും ഫാർമസിസ്റ്റുകളേയും പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമിക്കാൻ പി.എസ്.സിയ്ക്ക് നിർദ്ദേശം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്.<br>6 മാസത്തെ കരാറടിസ്ഥാനത്തിലുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്പോഴത്തെ റാങ്ക് ലിസ്റ്റിൽ നിന്ന് വിദഗ്ധരെ ലഭിക്കുന്നില്ലെങ്കിൽ എന്തെല്ലാം നടപടികളാണ് പി.എസ്.സി. സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ആരോഗ്യ വകുപ്പിൽ നിന്നും ആവശ്യപ്പെടുന്ന തസ്തികകളിലേയ്ക്ക് നിലവിലുള്ളതും റദ്ദാക്കിയതുമായ റാങ്ക് ലിസ്റ്റുകളിൽ നിന്നും ആവശ്യപ്പെട്ടതിനേക്കാൾ 5 പേരെ അധികം ഉൾപ്പെടുത്തി, ഉദ്യോഗാർത്ഥികളുടെ പേരും മേൽവിലാസവും നൽകുവാൻ കമ്മീഷൻ ഉത്തരവാകുകയും ടി നിർദ്ദേശം എല്ലാ ജില്ലാ ആഫീസുകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇങ്ങനെ നിയമിക്കുന്നവരുടെ കാലാവധി എത്രയാണ്; വിശദമാക്കുമോ? | (സി) | 6 മാസം |

സെക്ഷൻ ഓഫീസർ